# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആര്യാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.8/359/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.8/359/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 09-03-2022 | 22-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-03-2022 | 22-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എൽസമ്മ.എസ്.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.ജയകൃഷ്ണ.ആർ.അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ആർ.രഞ്ജു പ്രകാശ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സിജി ജോൺ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.കവിത ഹരിദാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വീണ.എസ്, | സെക്രട്ടറി | 01-04-2019 | 12-12-2019 |
| ശ്രീമതി.സുജാത എസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 13-08-2019 | 11-12-2019 |
| ശ്രീമതി.റാഷിദ | സെക്രട്ടറി | 12-12-2019 | 11-03-2020 |
| ശ്രീമതി.സുജാത എസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 12-03-2020 | 31-03-2020 |
| ശ്രീ.അക്ഷയ് ശശിധരൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.കണ്ണൻ വി എ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിറ്റി എം. ചെറിയാൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-07-2019 |
| ഡോ. മേരി ലിഷി | വെറ്ററിനറി സർജൻ | 01-04-2019 | 01-03-2020 |
| ശ്രീമതി.യാമിനി ദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സജിത്ത് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ്തി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 11-07-2019 |
| ശ്രീമതി.ഷാമില | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12-07-2019 | 31-03-2020 |
| വസന്തകുമാരി | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | 01-04-2019 | 06-06-2019 |
| ശ്രീമതി.ഏലിയാമ്മ കുര്യൻ | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | 07-06-2019 | 31-03-2020 |
| ശ്രീമതി.യാമിനിദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൌമ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൂര്യ പി എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുജാത | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ആശാലത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 10-01-2020 |
| ശ്രീമതി.ബിന്ദു | ഐ.സി.ഡി.എസ്. | 11-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Elsamma (Audit Officer, On 19-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 16-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 19-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Elsamma (Audit Officer, On 23-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 23-03-2022)<br>Last Updated By: Elsamma (Audit Officer, On 23-03-2022) | 1-9 |
| 11 | ആര്യാട് ഗ്രാമപഞ്ചായത്തിന്റെ രസീത് പരിശോധനയിലെ അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Elsamma (Audit Officer, On 26-03-2022) | 1-10 |
| 12 | ആര്യാട് കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Siji (Auditor, On 22-03-2022) | 1-11 |
| 13 | ഡി&ഒ ലൈസൻസ് പരിശോധന – അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-12 |
| 14 | പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയിൽ കാണപ്പെട്ട അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 1-13 |
| 15 | ഡി ആന്റ് ഒ അപേക്ഷകൾ, സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ എന്നിവ യോജിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 25-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 1-14 |
| 16 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 22-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 1-15 |

| | | |
|---|---|---|
| 17 | അധിക നിരക്കിൽ യാത്ര - ദിന ബത്ത നല്കി<br>Written By: Renju Prakash (Senior Grade Auditor, On 22-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 1-16 |
| 18 | പി.എച്ച്.സി. പ്രോജക്ടുകൾ - അപാകതകൾ - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 1-17 |
| 19 | പാലിയേറ്റീവ് കെയർ പ്രോജക്ടിലെ അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Siji (Auditor, On 22-03-2022) | 1-18 |
| 20 | കാലിവീപ്പയുടെ വില തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Elsamma (Audit Officer, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 1-19 |
| 21 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുമുമ്പുതന്നെ മരുന്നുകൾ വാങ്ങുന്നു.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Elsamma (Audit Officer, On 23-03-2022) | 1-20 |
| 22 | ചെലവ് ശതമാനത്തിൽ വൻ കുറവ്<br>Written By: Elsamma (Audit Officer, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-03-2022) | 1-21 |
| 23 | ജി.എസ്.റ്റി. അടവാക്കുന്നത്<br>Written By: Elsamma (Audit Officer, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-03-2022) | 1-22 |
| 24 | പന്ത്രണ്ടാം ക്ലാസ് തുല്യതാ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Elsamma (Audit Officer, On 23-03-2022) | 1-23 |
| 25 | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 1-24 |
| 26 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് മോട്ടോർ റണ്ണിംഗ് ഫീ അടവാക്കി.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-03-2022) | 1-25 |
| 27 | അംഗീകാരം ലഭിച്ച പ്രോജക്ട് നടപ്പിലാക്കിയില്ല<br>Written By: Elsamma (Audit Officer, On 23-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 1-26 |
| 28 | തെരുവ് വിളക്കുകൾ-കൃത്യമായ കണക്കുകൾ സൂക്ഷിക്കപ്പെടുന്നില്ല<br>Written By: Jayakrishna R (Asst. Audit Officer, On 22-03-2022)<br>Last Updated By: Elsamma (Audit Officer, On 23-03-2022) | 1-27 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Jayakrishna R (Asst. Audit Officer, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 1-28 |
| 30 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ നടത്തിയ പ്രോജക്ട്കളുടെ അപാകതകൾ<br>Written By: Elsamma (Audit Officer, On 25-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-03-2022) | 1-29 |
| 31 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Jayakrishna R (Asst. Audit Officer, On 22-03-2022)<br>Last Updated By: Siji (Auditor, On 25-03-2022) | 1-30 |
| 32 | ആർജ്ജിത ആസ്തികൾ-നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആസ്തികൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല<br>Written By: Jayakrishna R (Asst. Audit Officer, On 22-03-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Siji (Auditor, On 25-03-2022) | |
| 33 | ലൈഫ് ഭവന പദ്ധതി പുരോഗതി വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 22-03-2022)<br>Last Updated By: Elsamma (Audit Officer, On 23-03-2022) | 1-32 |
| | ഭാഗം **2** | |
| 1 | പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയിൽ കാണപ്പെട്ട അപാകതകൾ - ബാങ്ക് കളക്ഷൻ ചാർജ് ഈടാക്കിയിരിക്കുന്നു.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 2-1 |
| 2 | രസീത് പരിശോധന – അപാകതകൾ- തുക കുറവായി പഞ്ചായത്തിൽ അടവാക്കി<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 2-2 |
| 3 | ആര്യാട് കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ - തുക അടവാക്കേണ്ടതാണ്.<br>Written By: Siji (Auditor, On 22-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 2-3 |
| | ഭാഗം **3** | |
| 1 | ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാളും ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങി<br>Written By: Renju Prakash (Senior Grade Auditor, On 22-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 3-1 |
| 2 | അംഗനവാടികൾക്ക് ചാരുബെഞ്ച്<br>Written By: Renju Prakash (Senior Grade Auditor, On 25-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 24-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ- ഇല്ല<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Elsamma (Audit Officer, On 21-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 21-03-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 26-03-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 21-03-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 25-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

15/02/20.തീയതിയിലെ 1 ാം തീരുമാനപ്രകാരം അംഗീകരിച്ചു. .

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 227585080 | 224581878 |
| വാർഷികകണക്ക് പ്രകാരം | 152706656 | 152828054 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1.Treasury Own Fund VPFA1-3എന്ന അക്കൌണ്ടിൽ വർഷങ്ങളായി ഇടപാടുകളില്ലാതെ ഒരേ തുക(1510/-) നീക്കിയിരിപ്പായി തുടരുന്നു. ടി വിഷയം ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിച്ചതിന്, പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്ത് തനത് ഫണ്ടിൽ ഇടുന്നതിന് വേണ്ടി ട്രഷറിയിൽ സമീപിച്ചപ്പോൾ നിലവിൽ ഈ അക്കൌണ്ടിൽ ഓൺലൈൻ സംവിധാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടാണെന്നാണ് അറിയിച്ചിരുന്നതെന്നും ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് വീണ്ടും ടി വിഷയം ട്രഷറിയിൽ ഉന്നയിക്കുന്നതാണെന്നുമാണ് മറുപടി നല്കിയത്. നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2.ബി11ഷെഡ്യൂളിലെ വിവരങ്ങൾ പരിശോധിക്കാൻ ആവശ്യമായ ആസ്തി രജിസ്റ്റർ/രേഖകൾ സൂക്ഷിക്കപ്പെടുന്നില്ല. നിലവിൽ സചിത്ര സോഫ്റ്റ്വെയറിൽ ഫോം 3പ്രകാരം സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ വാല്യൂ ബേസ്ഡ് അല്ല. ടി വിഷയം പരിഹരിക്കപ്പെടേണ്ടതാണ്.

3.തൊഴിലുറപ്പ്പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ കണക്കുകൾ വാർഷിക കണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നുള്ള എം.ഐ.എസ് റിപ്പോർട്ടുമായി പ്രധാനമായുമുള്ള വ്യത്യാസം അഡ്മിൻ ഫണ്ട് സംബന്ധിച്ചുള്ളതാണ്. പഞ്ചായത്തിൽ ഫണ്ട് വിനിയോഗിക്കുന്ന മുറയ്ക്ക് അഡ്മിൻ ചെലവ് കാണിക്കുമ്പോൾ എം.ഐ.എസ് റിപ്പോർട്ടിൽ എഫ്.ടി.ഒ ചെയ്യുവെ തന്നെ ചെലവ് വരുന്നതിനാലാണ് ടി വ്യത്യാസം സംഭവിക്കുന്നതെന്ന് വിശദീകരിക്കപ്പെട്ടു. ടി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

4.സഞ്ചയയിലുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷനുകൾ വാർഷിക കണക്കുമായി (ഐ1, ആർ.പി43)പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്വെയറിലുള്ള ടി സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

5.ഷെഡ്യൂൾ ബി4-ൽ ഹെഡ്320700405, Contributions For Other Specific Purposes(for Revenue Expenditure)from District Panchayats എന്ന ഇനത്തിൽ 110561/-രൂപ ബാധ്യത കാണിച്ചിരിക്കുന്നു. ടി തുക സംയുക്തപ്രോജക്റ്റുകൾക്കായി ജില്ലാപഞ്ചായത്തിൽ നിന്നുള്ള വരവിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. എസ്.സി.ബി തനത് അക്കൌണ്ടിലാണ് ടി തുക നിലവിലുള്ളതെന്നും തുകയ്ക്ക് വ്യക്തത ലഭിക്കുന്നതിനാണ് പ്രത്യേക ഹെഡിൽ കാണിക്കുന്നതെന്നും മറുപടി ലഭിച്ചു.

6.ജില്ലാപഞ്ചായത്തിൽ നിന്നുള്ള സംയുക്തപ്രോജക്റ്റുകൾക്കായുള്ള വരവ്, മുന്നിരിപ്പിൽ 2ലക്ഷം രൂപ ഉൾപ്പെടുത്തിയതായും, ബ്ലോക്ക് പഞ്ചായത്ത് മുന്നിരിപ്പിൽ ടി തുക കുറവ് ചെയ്തതായും കാണുന്നു. 2019-20വർഷമാണ് ടി തുക ജില്ലാ പഞ്ചായത്ത് വിഹിതമായി തിരിച്ചറിഞ്ഞതെന്ന് മറുപടി ലഭിച്ചു.

7.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പലതും വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല. ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തേണ്ടതാണെന്ന് ചട്ടത്തിൽ വ്യവസ്ഥ

ചെയ്യുമ്പോഴും ആയത് പാലിക്കപ്പെട്ടിട്ടില്ല. 2011-ൽ പുതിയ അക്കൌണ്ട്സ് ചട്ടങ്ങൾ വന്നതിന് ശേഷവും മാനവൽ രസീതുകളിൽ, കാലഹരണപ്പെട്ട 1965ലെ കേരള പഞ്ചായത്ത് (അക്കൌണ്ട്സ്)ചട്ടം 36ആണ് സൂചിപ്പിച്ച് വരുന്നതും. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. സോഫ്റ്റ്‌വെയർ മുഖാന്തിരം സംഭവിച്ച് വരുന്ന ടി അപാകതകൾ പരിഹരിക്കുന്നതിന് ഐ.കെ.എം-ന് രേഖാമൂലം അറിയിപ്പ് നല്കുന്നതാണെന്ന് മറുപടി ലഭിച്ചു.

8.ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ:

എ)സ്രോതസ്സിൽ കുറവ് ചെയ്തത് ഒഴികെയുള്ള തുകയാണ് വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടുള്ളത്.

ബി)വികസന-ജനറൽ ഫണ്ട് ഇനത്തിൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 14387903/-രൂപയാണ്. യഥാർത്ഥത്തിൽ 15036075/-രൂപയാണ് ചെലവ് തുക എന്ന് കാണുന്നു(ഐ6+ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ). അംഗൻവാടി ഓണറേറിയം ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക വിട്ടുപോയത് മൂലമുള്ള സാങ്കേതിക പ്രശ്നമാണെന്നും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചത്.

(ഓഡിറ്റ് എൻക്വയറി നം.15/19-20)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10362007.5 |
| വരവ് | 89425949 |
| ആകെ | 997879565 |
| ചെലവ് | 86792126 |
| നീക്കിയിരിപ്പ് | 129958305 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20346000 | 20346000 | 15036075 | 5309925 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3660000 | 3660000 | 1916570 | 1743430 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 409000 | 409000 | 408313 | 687 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4257000 | 4257000 | 3932648 | 324352 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4458000 | 4458000 | 2844629 | 1613371 | |
| CFC | 0 | 11541845 | 11541845 | 5958557 | 5583288 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 41048745 | 116 | 26473692 | 23 | 65 | 64.49 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19571.50 | 1999851 | 2019422 | 1656593.5 | 362829 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 55073444 | 55073444 | 55073444 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109080 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 2890800 | 495 |
| വിധവാപെൻഷൻ | 5149800 | 643 |
| വാർദ്ധക്യകാലപെൻഷൻ | 13028800 | 2549 |
| വികലാംഗപെൻഷൻ | 1874200 | 313 |
| അവിവാഹിത പെൻഷൻ | 308400 | 96 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.3.22 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,416 /- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. പഞ്ചായത്ത് കമ്മറ്റി യോഗ തീരുമാനങ്ങളുടെ മിനിട്സ് സകർമ്മ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
8. തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ്, വെള്ളക്കരം എന്നീ ഇനങ്ങളിൽ ചെലവഴിക്കപ്പെടുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ആര്യാട് ഗ്രാമപഞ്ചായത്തിന്റെ രസീത് പരിശോധനയിലെ അപാകതകൾ

രസീത് പരിശോധന – അപാകതകൾ

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ രസീത് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. രസീത് ബുക്ക് നം. 26527, രസീത് നം. 66 പ്രകാരമുള്ള 22/- രൂപ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല

2. രസീത് ബുക്ക് നം. 26513, രസീത് നം. 47 പ്രകാരം പിരിച്ചിരിക്കുന്ന തുക 66 രൂപ യാണെങ്കിലും 30രൂപ മാത്രമാണ് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.10/15.3.22) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ആര്യാട് കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ

ആര്യാട് ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ ഗുണഭോക്തൃവിഹിതമിനത്തിലുള്ള പിരിവിനത്തിൽ വിവിധ രസീതുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. രസീത് ബുക്ക് നം. 55943 ലെ രസീത് നം. 60 മുതൽ 66 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തതായി കാണിച്ച് കളക്ഷൻ രജിസ്റ്ററിൽ എഴുതിയത് വെട്ടിയിരിക്കുന്നു. എന്നാൽ ഈ രസീതുകളിൽ 65-ാം നമ്പർ രസീത് ക്യാൻസൽ ചെയ്തിട്ടില്ല. പകർപ്പും രസീതിനൊപ്പമില്ല. ആയതിനാൽ മേൽ രസീത് പ്രകാരം പിരിച്ച 150/- രൂപ അടവാക്കേണ്ടതാണ്.

2. 55946/52 – രൂ. 150/-, 55946/83 – രൂ. 150/- എന്നിവയുടെ രസീത് ക്യാൻസൽ ചെയ്തിരിക്കുന്നുവെങ്കിലും പകർപ്പ് രസീതിനൊപ്പമില്ല. കൂടാതെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ഈ രസീതുകൾ പ്രകാരം പിരിച്ച 300/- രൂപ അടവാക്കേണ്ടതാണ്.

3. രസീത് നം. 26518/23 മുതൽ 47 വരെ രസീതുകളിലായി 10275/- രൂപയാണ് പിരിച്ചിരിക്കുന്നതെങ്കിലും 10200/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് ( രസീത് നം. 1200102820/20.2.21). അടവാക്കാനുള്ള 75/- രൂപ അടവാക്കേണ്ടതാണ്.

4. രസീത് നം. 26518/97-ാം നമ്പർ രസീത് പ്രകാരം 750 രൂപ പിരിച്ചതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 97-ാം നമ്പർ രസീതിന്റെ അസലിൽ കാർബൺ കോപ്പി ഉപയോഗിച്ച് എഴുതിയിരിക്കുന്നതായാണ് കാണുന്നത്. കൂടാതെ, പകർപ്പ് രസീത് ബുക്കിൽ ഉണ്ടെങ്കിലും യാതൊരുവിധ രേഖപ്പെടുത്തലുകളും ഇല്ല.

5. കളക്ഷൻ രജിസ്റ്റർ പ്രകാരവും പഞ്ചായത്തിൽ തുക അടവാക്കിയതു പ്രകാരവും 26518/99-ാം നമ്പർ രസീത് വരെ മാത്രമേ 31.3.2021 വരെ പിരിവ് നടത്തിയിട്ടുള്ളൂ. 100-ാം നമ്പർ രസീതിന്റെ ഒറിജിനലിൽ ഒന്നുംതന്നെ എഴുതാതെയും ക്യാൻസൽ ചെയ്യാതെയും രസീതുബുക്കിൽ ഉണ്ടെങ്കിലും ആയതിന്റെ പകർപ്പ് കീറിയെടുത്തിരിക്കുന്നതായി കാണുന്നു. ആയത് രസീതിനൊപ്പം ചേർത്തിട്ടുമില്ല.

6. പല രസീതുകളിലും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചല്ല എഴുതിയിരിക്കുന്നത്.

ഉദാ:- 55946/26 & 42- 50, 26515/1 – 100, 26518/1 -22 & 87 -100.

7. രസീതുകളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:- 55946/ 45 – 83, 26518/23 – 100, 55947/ 1- 100, 26509/ 1- 100,

02.11.20 ന ശേഷം പഞ്ചായത്തിൽ തുക അടവാക്കിയിരിക്കുന്നത് 27.01.21 ന മാത്രമാണ്. രസീതുകളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ ഏതു ദിവസം പിരിച്ച തുകയാണെന്ന് വ്യക്തമല്ല.

8. 26545-ാം നമ്പർ രസീത് ബുക്ക് 30.3.2021 ൽ കൃഷി ഭവനിലേക്കായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ അത് ഉപയോഗിച്ചിട്ടില്ല. ബുക്ക് തിരികെ പഞ്ചായത്തിൽ ഏല്പിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.21/18.3.22) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അടവാക്കാനുള്ള തുക പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും 26518/100-ാം നമ്പർ രസീതിന്റെ പകർപ്പ് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഡി&ഒ ലൈസൻസ് പരിശോധന – അപാകതകൾ

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഡി&ഒ (നിലവിൽ എഫ്.ടി.ഇ & ഒ.എസ്) ലൈസൻസിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഭൂരിഭാഗം അപേക്ഷകളിലും കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകൻ/ലൈസൻസ് നം. | അപാകതകൾ |
|---|---|
| ഗിരി.എസ്. & രാധാകൃഷ്ണൻ നായർ<br>ഹൈപോയിന്റ് ഫ്യൂവൽസ് പെട്രോൾ പമ്പ്<br>1298/19 | അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന ഡീലർഷിപ്പ് ലൈസൻസ് പ്രകാരം ആയത് 31.12.2019 വരെ മാത്രം കാലാവധിയുള്ളതാണ്. എന്നാൽ ലൈസൻസ് നല്കിയിട്ടുള്ളത് 31.3.2020 വരെയാണ്. |
| കെ.എം.ജോസഫ്<br>കേരള ഓയിൽ കമ്പനി<br>പെട്രോൾ പമ്പ്<br>902/19 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ PCB/ALP/TG/-878/18, തീ.2.5.19 കത്ത് പ്രകാരം ഈ സ്ഥാപനം യാതൊരുവിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെയും അനുമതിയില്ലാതെ പ്രവർത്തിക്കുന്നതിനാൽ ആയവ നേടേണ്ടതാണെന്ന് വ്യക്തമാക്കി കത്ത് നല്കിയിട്ടുള്ളതിന്റെ പകർപ്പ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനം മേൽപ്പറഞ്ഞ പ്രകാരം ലൈസൻസുകൾ നേടിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ എക്സ്പ്ലോസീവ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ലഭ്യമല്ല. മേൽ കത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. |
| ശശിദാസൻ<br>ഗുരുകൃപ ഗ്യാസ് ഏജൻസി<br>1043/19 | എക്സ്പ്ലോസീവ്, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ലഭ്യമല്ല. |
| എൽസി ആന്റണി<br>മെഡിക്കൽ ഷോപ്പ്<br>1178/19 | ജില്ലാ മെഡിക്കൽ ഓഫീസറുടെ / ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സാക്ഷ്യപത്രം ഇല്ല. |
| സിയാദ് മുഹമ്മദ് എം.<br>ജനജ്യോതി മെഡിക്കൽസ്<br>2017/19 | |
| നന്ദ്യാമോൾ<br>ശ്രീനന്ദ്യ ക്ലിനിക്കൽ ലാബ്<br>1241/19 | |
| ജോസഫ് എ. തയ്യിൽ<br>ലോഡ്ജിംഗ് ദി റയിൻ ജോൺസ് റിസോർട്സ്<br>1434/19 | പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല |
| എസ്. രാജശേഖരൻ നായർ<br>എം.ഡി., - ഉദയ് ബാക്ക് വാട്ടർ റിസോർട്സ് | |
| ബിനു മാത്യു<br>ബിനു പ്ലാസ്റ്റ്<br>1467/19 | പി.വി.സി. കൊണ്ടുള്ള സാധനങ്ങളുടെ നിർമ്മാണ യൂണിറ്റിന് PCB, ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ലഭ്യമല്ല. |
| മാവേലി സ്റ്റോർ<br>3861 | പലചരക്ക് സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനത്തിൽ നിന്നും വലിയ വ്യവസായ യൂണിറ്റുകൾക്ക് ഈടാക്കുന്ന നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/15.3.22) സാക്ഷ്യപത്രങ്ങൾ വാങ്ങി മാത്രമേ ലൈസൻസ് അനുവദിക്കൂ എന്നും നിലവിൽ ഈ രേഖകൾ എല്ലാം വാങ്ങിയാണ് ലൈസൻസ് നല്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയിൽ കാണപ്പെട്ട അപാകതകൾ

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അടവാക്കുന്ന ആര്യാട് പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ താഴെ കൊടുത്തിരിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ തുകയ്ക്കുള്ള ട്രഷറി ചെക്കുകൾ പണമാക്കാൻ നല്കിയതിൽ നിന്നും ബാങ്ക് ചാർജ്ജുകൾ ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ചെക്ക് നല്കിയ സ്ഥാപനം | ചെക്ക്നം./ ബാങ്ക് | ചെക്ക് തുക | പണമാക്കിയ തുക/ തീയതി | കുറവ് |
|---|---|---|---|---|---|
| 1 | വില്ലേജ് ഓഫീസ് | ജില്ലാ ട്രഷറി, ആലപ്പുഴ | 9500 | 9471/20.3.20 | 29 |
| 2 | ലൂഥറൻ ഹൈസ്കൂൾ | സബ് ട്രഷറി, ആലപ്പുഴ | 46250 | 46190/25.3.20 | 60 |
| 3 | ബി,ഡി.ഒ., | - ടി - | 2500 | 2477/25.3.20 | 33 |
| 4 | തഹസീൽദാർ | എസ്.ബി.ഐ. | 5750 | 5721/9.9.20 | 29 |
| 5 | ഡി.ഇ.ഒ. | സബ് ട്രഷറി, ആലപ്പുഴ | 38500 | 38397/8.10.20 | 103 |
| 6 | ബി.ഡി.ഒ. | - ടി - | 2250 | 2233/8.10.20 | 17 |
| 7 | മെഡിക്കൽ ഓഫീസർ | - ടി - | 27000 | 26926/8.10.20 | 74 |
| 8 | മെഡിക്കൽ ഓഫീസർ | 6566394/ - ടി - | 24500 | 24441/20.3.20 | 59 |
| 9 | ലൂഥറൻ ഹൈസ്കൂൾ | 1129121/ - ടി - | 38500 | 38397/8.10.20 | 103 |
| | | | | ആകെ കുറവ് | 507/- |

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/16.3.22) മറുപടി ഹാജരാക്കിയില്ല. തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഡി ആന്റ് ഒ അപേക്ഷകൾ, സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങൾ എന്നിവ യോജിക്കുന്നില്ല

ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലെ ലൈസൻസ് ആവശ്യമായ കെട്ടിടത്തിന്റെ വിവരങ്ങളും സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ലൈസൻസിനുള്ള അപേക്ഷയുടെ പേര് | കെട്ടിടയുടമയുടെ പേര് | കെട്ടിട നം. | അപാകത |
|---|---|---|---|
| ഹരി എസ് , കോഴിശ്ശേരിൽ , ശ്രീവത്സം | ജയമ്മ വി എസ് കായംകുളം | XVI/ 167A | 124എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| സി പി രാധാകൃഷ്ണൻ, കൈപ്പറമ്പിൽ | ധനജകുമാരി , കിഴക്കേവെളി , അവലൂക്കുന്ന് | XI / 1 B | 180എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി |

| | | | |
|---|---|---|---|
| | | | നിർണയിച്ചിട്ടുള്ളത്. |
| ബിന്ദുമോൾ നന്ദകുമാർ പുതുപറമ്പ് കൃഷ്ണനന്ദനം | നന്ദകുമാർ പുതുപറമ്പ് കൃഷ്ണനന്ദനം | IV / 5A | 129 എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം വാണിജ്യാവശ്യത്തിന് പ്രവർക്കുന്ന 100m2 ന് താഴെയുള്ള ഹോട്ടൽ , റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| അജയകമാർ കെ എം, തൈപ്പറമ്പിൽ | അജയകുമാർ കെ എം, തൈപ്പറമ്പിൽ | V / 5 | 48 എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടാവശ്യത്തിന് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| ബീന സദാശിവൻ ചുങ്കപ്പുരങ്കൽ | രാജു , കറുകപ്പറമ്പ് | VI / 37A | 57എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം പാർപ്പിടാവശ്യത്തിന് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| ജിജി മോൻ നിക്സൺ,ചുണ്ടറപ്പള്ളി | ജിജി മോൻ നിക്സൺ,ചുണ്ടറപ്പള്ളി | XV /168A | 122 എം2 വിസ്തീർണ്ണമുള്ള ടി കെട്ടിടം ഉപയോഗക്രമം വാണിജ്യാവശ്യത്തിന് പ്രവർക്കുന്ന 100m2 ന് താഴെയുള്ള ഹോട്ടൽ , റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| സലീം ലാൽ, കൺവീനർ പ്രണവം എസ്. എച്ച് ജി | ജയകുമാർ | XV / 274 A | സഞ്ചയയിൽ ടി കെട്ടിട വിവരം ലഭ്യമല്ല. |
| ജയകുമാർ ആറാട്ടുപറമ്പ് | ശിവാനന്ദൻ ,വെളിയിൽ കോമളപുരം | V / 600A | സഞ്ചയയിൽ ടി കെട്ടിട വിവരം ലഭ്യമല്ല. |
| എസ് . രാജശേഖരൻ നായർ, മാനേജിംഗ് ഡയറക്ടർ ആർ ആർ | എസ് . രാജശേഖരൻ നായർ, മാനേജിംഗ് ഡയറക്ടർ | | സഞ്ചയയിൽ ടി കെട്ടിട വിവരം ലഭ്യമല്ല. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24, തീയതി- 19.03.2022 ) അപാകത പരിശോധിച്ച് മറുപടി പിന്നീട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ കൊടുത്തിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് സഞ്ചയ ഡാറ്റാ ബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി , കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - അപാകതകൾ

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ , കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. അർദ്ധവർഷ വരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം/ അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| ആലപ്പി പാർസൽ സർവീസ് | മോഹൻദാസ് എം സി സർവീസ് മാൻ | 79792 / I | 750 | 600 | 150 |
| | | 79792 / II | 750 | 600 | 150 |
| വെറ്ററിനറി സർജ്ജൻ | സാൻ ആര്യ ആർ എസ് അറ്റന്റർ | 125148 / 1 | 1250 | 1000 | 250 |

2. രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | ഒന്നാം / രണ്ടാം അർദ്ധവർഷം ഒടുക്കിയ തുക | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| ഗ്രേ മാറ്റർ (HONDA), തുമ്പോളി | 9700 | 2 |
| ആർ ആർ ഹോളിഡേയ്സ് | 28730 | 2 |

3.രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന നികുതി ഈടാക്കിയില്ല.

| സ്ഥാപനം | ഒന്നാം / രണ്ടാം അർദ്ധവർഷം ഒടുക്കിയ തുക | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| എസ് ബി ഐ , അവലൂക്കുന്ന് | 1250 | 1 |
| ബി സി ഇ എം എസ്, ഗുരുപുരം | 1250 | 2 |
| കൈതത്തിൽ ക്ഷീരോത്പ്പാദക സംഘം | - | 1,2 |
| ആര്യാട് സൌത്ത് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി | - | 1,2 |
| ആ-ഡ്യാർ അരുണാധർ പ്രൈ ലിമി. | - | 1,2 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28 , തീയതി - 22.02.2022) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കുറവ് വന്ന / ഈടാക്കാൻ ബാക്കി നില്ക്കുന്ന തുകകൾ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 അധിക നിരക്കിൽ യാത്ര - ദിന ബത്ത നല്കി

നോട്ടിഫിക്കേഷൻ നം.109/2018സ.ഉ (അ) 42018 ഗതാഗതം , 26.02.2018 പ്രകാരം 01.03.2018 മുതൽ ഫാസ്റ്റ് പാസഞ്ചർ ബസിന് കി.മീറ്ററിന് 75പൈസ നിരക്കിലാണ് ബസ് ചാർജ്ജ് അനുവദിച്ചിട്ടുള്ളത് . കൂടാതെ, എല്ലാ ഗണങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്കും നിലവിൽ കി. മീ -ന് 2 രൂപ നിരക്കിൽ അനാമത്ത് ചെലവുകൾ നല്കാവുന്നതാണ്. കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത നല്കാവുന്നതാണ്.എന്നാൽ ,താഴെ പ്പറയുന്ന ജീവനക്കാർ നടത്തിയ ജില്ല വിട്ടുള്ള യാത്രകൾക്ക് അധികം നല്കിയതായി കാണുന്നു. (വൌച്ചർ നം. 21900777 / 29.11.2019 ,21900908 / 07.01.2020)

| ക്രമ നം. | ജീവനക്കാരന്റെ പേര് , തസ്തിക | യാത്ര ചെയ്ത സ്ഥലം /കി.മീ | യാത്ര തീയതി | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം |
|---|---|---|---|---|---|---|
| 1 | റെജിമോൾ അക്കൌണ്ടന്റ് | പഴകുളം സർവീസ് , സൊസൈറ്റി , അടൂർ /75 Km | 26.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | (334 + 160)2 = 988 |
| | | | 26.10.2018 | Incidentsal Charge -75km X 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 27.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 27.10.2018 | Indidental Charges -75x 2=150 ( കുറഞ്ഞ | 320 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | | |
| 2 | രേഖ കെ ആർ, സീനിയർ ക്ലാർക്ക് | | 26.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | (334 + 160)2 = 988 |
| | | | 26.10.2018 | Incidental Charges -75 X 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 27.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 27.10.2018 | Incidental Charges -75 X 2 = 150( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| 3 | വീണ വി നായർ , സീനിയർക്ലാർക്ക് | പഴകുളം സർവീസ് സൊസൈറ്റി , അടൂർ /75 Km | 26.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | (334 + 160)2 = 988 |
| | | | 26.10.2018 | Incidental Charges -75 X 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 27.10.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 27.10.2018 | Indidental Charges -75x 2=150 (കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| 4 | എസ് . സുജാത, അസി. സെക്രട്ടറി | പഴകുളം സർവീസ് സൊസൈറ്റി , അടൂർ /75 Km | 23.11.2018 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 23.11.18 | യാത്രാ ബത്ത -75x 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 24.11.18 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | (334 + 160)4 = =1976 |

| | | | | | | |
|---|---|---|---|---|---|---|
| | | | 24.11.2018 | യാത്രാ ബത്ത -75x 2=150( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| 5 | | പഴകുളം സർവീസ് സൊസൈറ്റി , അടൂർ /75 Km | 17.09.2019 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 17.09.2019 | Indidental Charges - 75x 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 20.09.2019 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 20.09.2019 | Incidental Charges - 75x 2 =1 50( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| 6 | വിനോദ് കെ എസ് , അക്കൌണ്ടന്റ് | പഴകുളം സർവീസ് സൊസൈറ്റി , അടൂർ /75 Km | 21.10.2019 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | (334 + 160)2 = 988 |
| | | | 21.10.2019 | Indidental Charges - 75x 2 = 150 ( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |
| | | | 24.10.2019 | യാത്രാ ബത്ത -75km X 0.75 = 56.25 രൂപ | 390 | |
| | | | 24.10.2019 | Incidental Charges - 75x 2 =1 50( കുറഞ്ഞ അനാമത്ത് ചെലവുകൾ അര ദിനബത്ത) = 160 | 320 | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 25 , തീയതി- 21.03.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, അധികം നല്കിയ 5928/-രൂപ തിരികെ ഈടാക്കേണ്ടതാണ് . അല്ലാത്തപക്ഷം, അധികം നല്കിയ തുക പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17 പി.എച്ച്.സി. പ്രോജക്കുകൾ - അപാകതകൾ - തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,ആര്യാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നം. 125/20 ( സ്പിൽ ഓവർ - 37/18-19)

പ്രോജക്ടിന്റെ പേര് - പി.എച്ച്.സിക്ക് ഉപകരണങ്ങളും ഫർണിച്ചറും റീ-ഏജന്റും വാങ്ങൽ

അടങ്കൽ - 15580/- (വികസന ഫണ്ട് - ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 15580/- (ട്രഷറി ബിൽ നം.2/19-20, തീ.26.6.19)
(രൂ.580/- – ബിന്ദു സിജി – അക്കൗണ്ട് നം.41001400001417/സിൻഡിക്കേറ്റ് ബാങ്ക്)
(രൂ.12500/- ജൂലി ആൻസ് ഏജൻസീസ്, അക്കൗണ്ട് നം. 51010100372991/കോർപ്പറേഷൻ ബാങ്ക്)(രൂ.2500/- തോമസ് പുളിക്കൻ, അക്കൗണ്ട് നം.10377328219500l/കാത്തലിക് സിറിയൻ ബാങ്ക്)

മേൽ പ്രോജക്ടിനായി 15580/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവു രേഖകൾ ഒന്നുംതന്നെ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ തുക 15580/-തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ട് നം. 126/20 ( സ്പിൽ ഓവർ - 34/18-19)

പ്രോജക്ടിന്റെ പേര് - ഹെൽത്തി ആര്യാട് -2020

അടങ്കൽ - 71752/- (പൊതുവിഭാഗം - സാധാരണം വിഹിതം)

ചെലവ് - 71752/- (ട്രഷറി ബിൽ നം.1/19-20, തീ.31.5.19 – 31000/-)

(ട്രഷറി ബിൽ നം.7/19-20, തീ.26.9.19 – 23000/-)

(ട്രഷറി ബിൽ നം.11/19-20, തീ.24.10.19 - 15752/-)

മേൽ പ്രോജക്ടിനായി 71752/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവു രേഖകൾ ഒന്നുംതന്നെ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഈ തുകയിൽ 69752/- രൂപയും ഡോക്ടറുടെ വ്യക്തിഗത അക്കൗണ്ടിലേക്കാണ് (ശ്രീ. കണ്ണൻ വി.എ.) തുക നല്കിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ തുക 71752/- രൂപ തടസ്സപ്പെടുത്തുന്നു.

3) പ്രോജക്ട് നം. 166/20

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി.ക്ക് സ്പ്രേയിംഗ് മെഷീൻ വാങ്ങൽ

അടങ്കൽ - 25000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - 24696/- (ട്രഷറി ബിൽ നം.4/19-20, തീ.04.7.19)

മേൽ പ്രോജക്ടിനായി 24696/- രൂപ Raidco Kerala Ltd. ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 40261102000648) വാങ്ങൽ സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

4) പ്രോജക്ട് നം. 172/20 ( സ്പിൽ ഓവർ - 35/18-19)

പ്രോജക്ടിന്റെ പേര് - ക്യാൻസർ നിർണ്ണയ പദ്ധതി

അടങ്കൽ - 19378/- (വികസന ഫണ്ട് -പൊതുവിഭാഗം - സാധാരണം വിഹിതം)
ചെലവ് - 19378/- (ട്രഷറി ബിൽ നം.10/19-20, തീ.24.10.19)

മേൽ പ്രോജക്ടിനായി ശ്രീ. ശ്യാംലാലിന് 1000/-, ശ്രീ. കണ്ണൻ വി.എ. (ഡോക്ടർ) ക്ക് 3378/-, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 15000/- എന്നിങ്ങനെ ആകെ 19378/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിനായി ക്യാമ്പ് സംഘടിപ്പിച്ചതിന്റെ രേഖകളോ, ക്യാമ്പിൽ പങ്കെടുത്തവരെ എപ്രകാരം തെരഞ്ഞെടുത്തു എന്നത് സംബന്ധിച്ചോ, പങ്കെടുത്തവരുടെ ഹാജരോ ഹാജരാക്കിയിട്ടില്ല. ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

5) പ്രോജക്ട് നം. 23/19-20

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 400000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 200000/- (ട്രഷറി ബിൽ നം.13/19-20, തീ.6.12.19)

മേൽ പ്രോജക്ട് പ്രകാരം മരുന്നുവാങ്ങുന്നതിനായി 100000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും 100000/- രൂപ കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിനുമായി ആകെ 200000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 40973/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ രേഖകൾ ഹാജരാക്കാത്ത ബാക്കി തുക 1,59,027/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായിട്ടില്ലെങ്കിൽ ആയതിനുവേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.22/18.3.22) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-18 പാലിയേറ്റീവ് കെയർ പ്രോജക്ടിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., ആര്യാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നം. 14/19-20

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ

അടങ്കൽ - 675000/- (വികസന ഫണ്ട് -പൊതുവിഭാഗം - 600000/-

തനത് ഫണ്ട് - 75000/-)

ചെലവ് - 575180/- (വികസന ഫണ്ട് -പൊതുവിഭാഗം - 561740/-

തനത് ഫണ്ട് - 13440/-)

മേൽ പ്രോജക്ട് പ്രകാരം 575180/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 456170/- രൂപയുടെ ബില്ലുകൾ മാത്രമാണ്

ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ട്രഷറി ബിൽ നം. 9/19-20/24.10.19 – രൂ. 60560/-, ട്രഷറി ബിൽ നം. 15/19-20 /21.01.20 – രൂ. 45010/- എന്നിങ്ങനെ രണ്ട് ബില്ലുകളും അനുബന്ധ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയറിന്റെ ഹോംകെയർ രജിസ്റ്റർ ഹാജരാക്കിയിട്ടുള്ളതിൽ 21.3.2019 ലെ ഹോംവിസിറ്റ് രേഖപ്പെടുത്തലുകൾക്കുശേഷം (പേജ് 99), 12.7.2021 ലെ രേഖപ്പെടുത്തലുകളാണ് ചേർത്തിരിക്കുന്നത് (പേജ് 101). 2019-20 സാമ്പത്തികവർഷത്തിലെ ഹോംവിസിറ്റിന്റ യാതൊരു രേഖപ്പെടുത്തലുകളും ചേർത്തിട്ടില്ല. 27 മാസത്തെ ഹോംവിസിറ്റ് രേഖകൾ എഴുതിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

പാലിയേറ്റീവ് കെയറിലെ ജീവനക്കാരുടെ അറ്റൻഡൻസ് ഹാജരാക്കിയിട്ടില്ല.

വാഹന വാടക സംബന്ധിച്ച് ഹാജരാക്കിയിരിക്കുന്ന 10/2019 ലെ വൗച്ചറിൽ 24.10.19 വരെയായി ആകെ 11 ദിവസത്തെ വിശദാംശങ്ങൾ മാത്രമേ ഉള്ളൂ. ആയതനുസരിച്ച് ഒക്ടോബർ മാസം 13750/- രൂപ നല്കിയാൽ മതിയാകുന്നതാണ്. എന്നാൽ 13 ദിവസത്തേക്കായി 16250/- രൂപയാണ് നല്കിയിട്ടുള്ളത്. ഹോംവിസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഇതു സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മേൽ പ്രോജക്ടുകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.22/18.3.22) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ ലഭ്യമാക്കാത്തതിനാൽ 105570/- (60560 + 45010) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹോംകെയർ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-19 കാലിവീപ്പയുടെ വില തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ആര്യാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. കൂടാതെ തിരികെ ഈടാക്കിയ തുകയിൽ നിന്നും 18% ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി അക്കൗണ്ടിലേക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം.. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ആകെ ചെലവ് | ബാരലിന്റെ വില |
|---|---|---|---|---|---|
| 1 | 127/19-20 | എച്ച്.എം.സി.കളമ്പുകാട് റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 273000 | 14160 |
| 2 | 33/19-20 | കുക്ക സോക്കർ ജംഗ്ഷൻ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് | 37350 | 590 |
| | ആകെ | | | | 14750 |

## 1-20 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുമുമ്പുതന്നെ മരുന്നുകൾ വാങ്ങുന്നു.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ പ്രോജക്ടുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുമ്പ്തന്നെ മറ്റു സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളതായി കാണുന്നു.

1) പ്രോജക്ട് നം. 17/19

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾക്ക് ഔഷധിക്ക് 1.8.2019 ൽ പണം നല്കുകയും 18.8.19(ഇൻവോയ്സ് നം.90127205), 30.8.19(ഇൻവോയ്സ് നം.90129313), 29.9.19(ഇൻവോയ്സ് നം.90132452) തീയതികളിൽ മരുന്ന് ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിരിക്കുന്നത് 14.10.19 ലും ജില്ലാ മെഡിക്കൽ ഓഫീസർ ആയത് നല്കിയിരിക്കുന്നത് 24.10.19 ലുമാണ്.

2) പ്രോജക്ട് നം. 18/19

പ്രോജക്ടിന്റെ പേര് - മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾക്ക് ഔഷധിക്ക് 17.7.2019 ൽ പണം നല്കുകയും 31.7.19(ഇൻവോയ്സ് നം.90125364 & 69 ), 23.8.19(ഇൻവോയ്സ് നം.90127718), 29.8.19(ഇൻവോയ്സ് നം.90129137), 29.9.19(ഇൻവോയ്സ് നം.90132219) തീയതികളിൽ മരുന്ന് ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിരിക്കുന്നത് 14.10.19 ലും ജില്ലാ മെഡിക്കൽ ഓഫീസർ ആയത് നല്കിയിരിക്കുന്നത് 24.10.19 ലുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുന്നതിനു മാസങ്ങൾക്ക് മുമ്പ്തന്നെ ഔഷധിക്ക് പണം നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/15.3.22), 17.3.22 ൽ ലഭ്യമാക്കിയ സി.14/22-ാം നമ്പർ മറുപടിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ഡിസ്പെൻസറിയിൽ മരുന്നുകൾ അത്യാവശ്യമായി വേണ്ടിവന്നതുകൊണ്ടാണ് ഡി.എം.ഒ.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമുമ്പ്തന്നെ തുക ചെലവഴിച്ചിട്ടുള്ളതെന്നും മേലിൽ ഇപ്രകാരം പിഴവുകൾ വരാതെ ശ്രദ്ധിച്ചുകൊള്ളാം എന്നുമാണ് അറിയിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ചെലവ് ശതമാനത്തിൽ വൻ കുറവ്

2019-20 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 69പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 22 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 17പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 5പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹2,08,95,189 വകയിരുത്തിയതിൽ ₹53,59,994ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 38% മാത്രമാണ്. 1,55,35,795/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5388900 | 137073 | 5251827 |
| വികസന ഫണ്ട് (എസ്.സി.പി) | 567000 | 0 | 567000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4473645 | 491118 | 3982527 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 400000 | 230410 | 169590 |
| തനതു ഫണ്ട് | 1329144 | 323795 | 1005349 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 5096500 | 3932648 | 1163852 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) | 2140000 | 244950 | 1895050 |

## 1-22 ജി.എസ്.റ്റി. അടവാക്കുന്നത്

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ 2% ജി.എസ്.ടി. ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്യണമെന്നിരിക്കെ 2019-20സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | കരാറുകാരന് നൽകിയ തുക | ഈടാക്കേണ്ട ജി എസ് റ്റി |
|---|---|---|---|---|
| സിയാദ് മേത്തർ | ആര് ഒ പ്ലാന്റ് ടൈല് റോഡ് നിര്മ്മാണം | 593 | 426607 | 8532.14 |
| സിയാദ് മേത്തർ | ഏയ്ഞ്ചേല് ടൈല് റോഡ് നിര്മ്മാണം | 592 | 354718 | 7094.36 |

| | | | | |
|---|---|---|---|---|
| സിയാദ് മേത്തർ | 23 ാം നമ്പർ അംഗനവാടി റോഡ് രണ്ടാം റീച്ച് | 596 | 420291.5 | 8405.83 |
| ഷൌക്കത്തലി | തൈവെളി ടൈല് റോഡ് നിര്മ്മാണം | 580 | 321850 | 6437.39 |
| ഷൌക്കത്തലി | ചിറ്റേവെളി കാരപ്പറമ്പ് ടൈല് റോഡ് നിര്മ്മാണം | 589 | 2692290 | 5385.8 |
| ഷൌക്കത്തലി | ലൂഥറന് ഹൈസ്കൂള് ടൈല് റോഡ് നിര്മ്മാണം | 653 | 310886.28 | 6217.73 |
| അനസ് നൈന | പാടത്ത് പത്തേല് ടൈല് റോഡ് നിര്മ്മാണം | 523 | 302400 | 6048 |

## 1-23 പന്ത്രണ്ടാം ക്ലാസ് തുല്യതാ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

ഹെഡ്മിസ്ട്രസ്, ഗവ.വി.വി.എസ്.ഡി.എൽ.പി.സ്കൂൾ, സൗത്ത് ആര്യാട് നിർവ്വഹണം നടത്തിയ പത്താംതരം തുല്യത, പന്ത്രണ്ടാം തരം തുല്യത എന്ന പ്രോജക്ടിൽ ആവശ്യമായ രേഖകൾ ബില്ലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം. 37/19-20 - പത്താംതരം തുല്യത, പന്ത്രണ്ടാം തരം തുല്യത

അടങ്കൽ - 50000/- (വികസനഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം)

ചെലവ് - 10000/- (ട്രഷറി ബിൽ നം. 8/19-20, തീ., 24.2.20)

മേൽ പ്രോജക്ട് പ്രകാരം 2500 രൂപ വീതം 4 വിദ്യാർത്ഥികൾക്ക് പന്ത്രണ്ടാംതരം തുല്യത കോഴ്സിനായി ആകെ 10000/- രൂപ സാക്ഷരതാ മിഷന് നല്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹാജർ സ്റ്റേറ്റ്മെന്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/15.3.22) ഹെഡ്മിസ്ട്രസ് എ.1-1013/22, 21.3.22 പ്രകാരം നല്കിയ മറുപടിയിൽ മേൽ രേഖകൾ ശേഖരിച്ച് ഓഡിറ്റിനായി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ സമർപ്പിക്കുന്നതുവരെ ചെലവഴിച്ച 10000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ്, ഗവ.വി.വി.എസ്.ഡി. എൽ.പി.സ്കൂൾ, സൗത്ത് ആര്യാട് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/15.3.22) ഹെഡ്മിസ്ട്രസ് ഹെഡ്മിസ്ട്രസ് എ.1-1013/22, 21.3.22 പ്രകാരം മറുപടി നല്കിയിട്ടുണ്ട്.

അപാകതകൾ :-

1. പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ബില്ലുകൾ ലഭിക്കുന്നതിനുമുമ്പുതന്നെ ട്രഷറിബില്ലുകൾ തയ്യാറാക്കുന്നു.

ഉദാ :- പ്രോജക്ട് നം. 151/19-20 - വി.വി.എസ്.ഡി. എൽ.പി. സ്കൂൾ പെയിന്റിംഗ് - പെയിന്റിംഗ് നടത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ ബിൽ ലഭിച്ചിരിക്കുന്നത് 9.12.19 ൽ ആണെങ്കിലും 7.12.19 ൽ ട്രഷറി ബിൽ തയ്യാറാക്കിയിരിക്കുന്നു.

നിലവിലെ ഹെഡ്മിസ്ട്രസ് നല്കിയ മറുപടിയിൽ മുൻ എച്ച്.എം.ന്റെ കാലത്ത് പൂർത്തീകരിച്ചവയാണെന്നും ബില്ലുകൾ പ്രോസസ് ചെയ്യുകമാത്രമാണ് ടിയാരി ചെയ്തിട്ടുള്ളതെന്നും അറിയിച്ചു.

2. ബില്ലുകളോടൊപ്പം വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ല.

എ) ഉദാ :- പ്രോജക്ട് നം.36/19-20 - വായന സമൂഹത്തിന്റെ വളർച്ചയ്ക്ക് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 5400/- രൂപ നല്കിയിരിക്കുന്ന ലൂമിനസ് ആർട്സ് & സ്പോർട്സ് ക്ലബ് ലഭ്യമാക്കിയിരിക്കുന്ന പത്രഏജൻസി രസീതിൽ യാതൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ഒറിജിനൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും പകർപ്പിനുപകരം രേഖപ്പെടുത്തലില്ലാത്ത രസീത് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടില്ല എന്നുമാണ്. പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ബി) ഒരേ കാലയളവിലെ വിവിധ വായനശാലകൾ നല്കിയിരിക്കുന്ന ഒരേ പത്രങ്ങളുടെ പ്രതിമാസ വരിസംഖ്യ

വ്യത്യസ്തങ്ങളാണ്.

ഉദാ :- എ.കെ.ജി. വായനശാലയ്ക്ക് 5400/- രൂപയാണ് നല്കിയിരിക്കുന്നതെങ്കിലും മാതൃഭൂമി, മനോരമ എന്നീ പത്രങ്ങളുടെ വാർഷിക വരിസംഖ്യ 2800/- രൂപയെന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 2019 വർഷം നല്കിയിരിക്കുന്ന മറ്റു രസീതകൾ പ്രകാരം മേൽ പത്രങ്ങളുടെ വരിസംഖ്യ 2700/- രൂപ മാത്രമാണ്.

സി) ഐക്യഭാരത വായനശാലയ്ക്ക് 5400/- രൂപ നല്കിയിട്ടുണ്ടെങ്കിലും യാതൊരു രസീതുകളും ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയോടൊപ്പമാണ് ഹാജരാക്കിയിട്ടുള്ളത്.

3) പ്രോജക്ട് നം. 47/2019-20 – ഗവ. പ്രൈമറി സ്കൂളിന് ഫർണീച്ചർ - ബെഞ്ചും ഡെസ്കും

അടങ്കൽ - 216000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 216000/- (ട്രഷറി ബിൽ നം. 5/19-20, തീ., 07.11.2019)

കേരള ആർട്ടിസാൻ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിനുവേണ്ടി എഗ്രിമെന്റ് വച്ചിട്ടുള്ളതായി കാണുന്നില്ല. ഒറിജിനൽ ബില്ലും ഹാജരാക്കിയിട്ടില്ല. ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇൻവോയ്സ് തീയതിക്കുശേഷമുള്ള തീയതിയിൽ മാത്രം വാങ്ങിയിരിക്കുന്ന, KADCO പ്രതിനിധി മാത്രം ഒപ്പിട്ട മുദ്രപ്പത്രമാണ് ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഒറിജിനൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്.

4) പ്രോജക്ട് നം. 141/19-20 (SO പ്രോജക്ട് - പ്രോജക്ട് നം. 97/18-19) - ബാലസൗഹൃദ പഞ്ചായത്ത്

അടങ്കൽ - 40000/- (10000/-വികസനഫണ്ട് -

30000/- തനത് ഫണ്ട്)

ചെലവ് - 37699/- (10000/- വികസന ഫണ്ട്

27699/- തനത് ഫണ്ട്)

(ട്രഷറി ബിൽ നം. 2/19-20, തീ., 24.8.2019 - 10000/-

ട്രഷറി റിക്വസിഷൻ നം.504440730119002/16.8.19 -27699/-)

പ്രോജക്ട് ലക്ഷ്യങ്ങൾ - ആര്യാട് ഗ്രാമപഞ്ചായത്ത് ബാലസൗഹൃദ പഞ്ചായത്താക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ആവശ്യമായ യോഗ പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ, കുട്ടികളുടെ ഗ്രാമസഭകൾ, കലാമേളകൾ, നീന്തൽ പരിശീലനം, ബാല പാർലമെന്റ്, യൂണിഫോം, ഹോണറേറിയം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിയാണ്.

എന്നാൽ ഈ പദ്ധതിയിൽ 2019 മാർച്ച് 15, 16 തീയതികളിലായി ബാലോത്സവം സംഘടിപ്പിച്ചത് മാത്രമാണ് നടന്നിട്ടുള്ളതായി കാണുന്നത്. ആകെ ചെലവായ 37699/- രൂപയിൽ 27350/- രൂപയും ഇതിനാണ്. കൂടാതെ 10349/- രൂപയുടെ ട്രോഫികളും വാങ്ങിയിട്ടുണ്ട്. ആകെ 27350 + 10349 = 37699/- രൂപയുടെ ചെലവ്.

പ്രോജക്ടിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കായി തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല. മറ്റു പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടുമില്ല.

ഈ പദ്ധതിയിൽ കുട്ടികളുടെ ഗ്രാമസഭ, യോഗപരിശീലനം, ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിരുന്നതായും സേവനസന്നദ്ധതാ സംഘങ്ങൾ വഴിയാണ് അവ നടത്തിയതെന്നും ആയതിനാൽ ചെലവ് വന്നിട്ടില്ലെന്നും, പ്രവൃത്തി മുൻ എച്ച്.എം.ന്റെ കാലത്ത് പൂർത്തീകരിച്ചവയാണെന്നും ബില്ലുകൾ പ്രോസസ് ചെയ്യുകമാത്രമാണ് ടിയാരി ചെയ്തിട്ടുള്ളതെന്നും എച്ച്.എം. ആയി ആദ്യമായി ചാർജ്ജ് എടുത്തപ്പോൾ വന്ന അറിവില്ലായ്മയാണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രോജക്ട് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കേണ്ടതും ബില്ലിനൊപ്പം ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-25 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് മോട്ടോർ റണ്ണിംഗ് ഫീ അടവാക്കി.

യന്ത്രശക്തി ഉപയോഗിക്കുന്ന ഡി & ഒ. ലൈസൻസ് 11 അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായി പരിശോധനയിൽ കാണപ്പെട്ടു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.9/15.3.22) 4600/- രൂപ ഓഡിറ്റ് വേളയിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ക്രമ നം. 1 (രൂ.100/രസീത് നം.1210105585/21.3.22), ക്രമ നം. 2 (രൂ.4500/രസീത് നം.1210105610/21.3.22) . മറ്റ് അപേക്ഷകരിൽ നിന്നും തുക

ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്യു.

| ക്രമ നം. | അപേക്ഷകൻ | സ്ഥാപനം | ലൈസൻസ് നം. | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | മോഹനദാസ് കെ.ജെ. | ക്വയിറോൺ ഇൻഡസ്ട്രീസ് | 1404/19 | 10 | 100 | - | 100 |
| 2 | അലക്സ് ജോസഫ് | എൻ.സി.ജോൺ & സൺസ് | 1470/19 | 450 | 4500 | - | 4500 |
| | | | | | | ആകെ | 4600 |

## 1-26 അംഗീകാരം ലഭിച്ച പ്രോജക്ട് നടപ്പിലാക്കിയില്ല

പ്രോജക്ട് നം. 165/19-20 കോസ്റ്റൽ എക്സ്റ്റൻഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ

വികസനഫണ്ട്(എസ്.സി.പി.)-30885

ചെലവ് - 30885/-(ബിൽ 23/19-20/6.2.20)

തനത് - 315

ചെലവ് - 315

കോസ്റ്റൽ എക്സ്റ്റൻഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം തീരദേശ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും മാനസിക ബൗദ്ധിക ഉന്നമനത്തിനു വേണ്ടി സാഹചര്യം ഒരുക്കുകയെന്നതാണ് ടി പ്രോജക്ടിന്റെ ലക്ഷ്യം. അതിനുവേണ്ടി തുക പിൻവലിച്ച് കുടുംബശ്രീ.സി.ഡി.എസിനു ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കോസ്റ്റൽ എക്സ്റ്റൻഷൻ സെന്ററിൽ പ്രവർത്തിക്കുന്ന കൗൺസിലർക്കു വേതനം നൽകുന്നതിനു വേണ്ടിയാണ് തുക വകയിരുത്തിയിരുന്നത്. പ്രോജക്ടിന്റെ പരിശോധനയ്ക്കായി ചെലവുരേഖകൾ ആവശ്യപ്പെട്ടതിനു കോവിഡ് ആയതിനാൽ സെന്ററിന്റെ പ്രവർത്തനം നിർത്തിവെച്ചതിനാൽ പ്രോജക്ട് നടപ്പിലാക്കാനായില്ല എന്നാണ് മറുപടി നൽകിയത്. സ്ത്രീകളുടെയും കുട്ടികളുടെയും മാനസിക ബൗദ്ധിക ഉന്നമനത്തിനു വേണ്ടിയുള്ള പ്രോജക്ടുകൾ യഥാവിധി നടപ്പിലാക്കേണ്ടതാണ്.

## 1-27 തെരുവ് വിളക്കുകൾ-കൃത്യമായ കണക്കുകൾ സൂക്ഷിക്കപ്പെടുന്നില്ല

സെക്രട്ടറി 2019-20-ൽ നിർവ്വഹിച്ച മാർഗ്ഗ കിരണം പദ്ധതി (പ്രോജ.നം.88/20)-യിൽ ആര്യാട് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ എൽ.ഇ.ഡി ഗ്രാമമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലേക്ക് ആവശ്യമായ വൈദ്യുതി ഉപകരണങ്ങൾ കേരള ഗവ.കമ്പനിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിക്കാണുന്നു (ചെലവ് 1598749/-, ധന.കമ്മീ.ഗ്രാന്റ്). എന്നാൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കപ്പെടാത്തതിനാൽ ഇപ്രകാരമുള്ള വാങ്ങലുകളുടെ സാധുത ഉറപ്പുവരുത്താനാകുന്നില്ല. അതേപോലെ വൈദ്യുതിനിരക്ക് യഥാർത്ഥ ചെലവിലും അധികരിക്കാനുള്ള സാധ്യതയും കാണുന്നു.

1.ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് കാണുന്നില്ല. വാർഷിക ക്രമത്തിൽ, പ്രോജക്ട് അടിസ്ഥാനത്തിൽ സൂക്ഷിക്കപ്പെടുന്ന പ്രോജക്ട് രജിസ്റ്ററിലാണ് വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നത്. ടി അപാകത പരിഹരിക്കപ്പെടേണ്ടതാണ്,

2.വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

3.തെരുവ് വിളക്കുകൾ എൽ.ഇ.ഡി-കളായി പരിവർത്തനം നടത്തുന്നതിലേക്കാണ് ടി പ്രോജക്ട് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ഇതിൻ പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് വന്നിട്ടുള്ള പക്ഷം വിശദാംശം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വൈദ്യുതി വിളക്കുകളുടെ ഇന വിവരങ്ങൾ, വാർഡ് ക്രമത്തിൽ രേഖപ്പെടുത്തിക്കൊണ്ട് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടാത്തതിനാൽ വൈദ്യുതി വിളക്കുകളിൽ എൽ.ഇ.ഡി-യായി പരിവർത്തനം ചെയ്യപ്പെട്ടവ സംബന്ധിച്ച് നിരീക്ഷിക്കപ്പെടുന്നില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ വാർഡ് തലത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതും ഇതിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് സാക്ഷ്യപ്പെടുത്തുന്നതും ഉചിതമായിരിക്കും.

(ഓഡിറ്റ് എൻക്വയറി- 2/19-20/14.3.22)

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

എ)കെ,എസ്.ഇ.ബി-യിലേക്ക് തുക നല്കിയത്:

ഓഡിറ്റ് വർഷം വിവിധ വാർഡുകളിലെ വൈദ്യുത പോസ്റ്റുകളുടെ ഷിഫ്റ്റിംഗിനായും പുതിയ തെരുവ് വിളക്കുകളുടെ സ്ഥാപനത്തിനായും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായും ചുവടെ ചേർക്കും പ്രകാരം കെ.എസ്.ഇ,ബി-യിൽ തുക നല്കിയെങ്കിലും പ്രോജക്ടുകളിലെ എസ്റ്റിമേറ്റ് റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉള്ളത്. പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, ഷിഫ്റ്റിംഗ് നടത്തിയതും പുതിയതായി സ്ഥാപിച്ചതുമായ പോസ്റ്റുകളുടെയും തെരുവ് വിളക്കുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതിന്റെ വിവരം, മുതലായവ ലഭ്യമാക്കിയിട്ടില്ല.

1.സ്ട്രീറ്റ്ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ (നം.138/20) വികസന(ജനറൽ)ഫണ്ടിൽ നിന്ന് 29774/-രൂപ പിൻവലിച്ച് കെ.എസ്.ഇ.ബി-യ്ക്ക് നല്കി.

2.പ്രോജക്ട് നം.171/20, സ്ട്രീറ്റ്ലൈൻ വലിക്കൽ പ്രോജക്ടിൽ കെ.എസ്.ഇ.ബി-യിലേക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 41876/-രൂപ (ബിൽ റഫ.നം. 19060152013401040626/6.1.20) നല്കി.

3.വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, പ്രോജ.നം.46/20, ചെലവ് 120220/-(ധന.കമ്മീ.ഗ്രാന്റ്)

(കെ.എസ്.ഇ.ബി- ആകെ നല്കിയത്: 191870/-)

ബി)വാട്ടർ അതോറിറ്റിയിലേക്ക് തുക നല്കിയത്:

ആർ.ഒ.പ്ലാന്റ് മെയിന്റനൻസ് എന്ന പ്രോജക്ടിൽ(നം.149/20)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 451285/-രൂപ നല്കി.

ബിൽ റഫ.നം. 19060152013400250119/20.6.19- 167501/-രൂപ

ബിൽ റഫ.നം. 19060152013400297288/2.719- 177000/-രൂപ

ബിൽ റഫ.നം. 19060152013400297295/2.7.19- 106784/-രൂപ

മേൽ ചെലവ് തുകകളുടെ കൈപ്പറ്റ്, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

ചെലവ് രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് തുക 451285/-തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്. (ഓഡിറ്റ് എൻക്വയറി.3/14.3.22)

## 1-29 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ നടത്തിയ പ്രോജക്റ്റുകളുടെ അപാകതകൾ

I. അങ്കണവാടി ഉപകരണങ്ങൾ വാങ്ങൽ (104/20)

അടങ്കൽ-140,000(റോഡിതരം)

ചെലവ്-140,000

(ബിൽനം.16,തീയതി-30.09.2019)

ടി പ്രോജക്റ്റ് പ്രകാരം അംഗനവാടികളിൽ ഉപയോഗിക്കുന്നതിനായി തഴപ്പായ (145എണ്ണം), അലൂമിനീയം ബക്കറ്റ് (30എണ്ണം), സ്റ്റീൽ പ്ലേറ്റ് (120എണ്ണം), സ്റ്റീൽ ഗ്ലാസ് (28 എണ്ണം) എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് അഫ്സൽ മെറ്റൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്വട്ടേഷനുകൾ പരിശോധിച്ചതിൽ, സാധനങ്ങൾ വാങ്ങിയ അഫ്സൽ മെറ്റൽസ്, ആലപ്പുഴ സമർപ്പിച്ച ക്വട്ടേഷൻ തുകയേക്കാളും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിനെ (അൽ - മന ട്രേഡിംഗ് കമ്പനി , പത്തനംതിട്ട ) പരിഗണിക്കാതെ അതിനു മുകളിൽ ക്വാട്ട് ചെയ്ത അഫ്സൽ മെറ്റൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിച്ച് നല്കി. ക്വട്ടേഷൻ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| അഫ്സൽ മെറ്റൽസ് , | അഫ്സൽ മെറ്റൽസ് , ആലപ്പുഴ | അൽ - മന ട്രേഡിംഗ് |
|---|---|---|

| | | |
|---|---|---|
| ആലപ്പുഴ<br>സാധനങ്ങളുടെ<br>വിവരം | | കമ്പനി<br>,<br>പത്തനംതിട്ട |
| തഴപ്പായ | 310 | 135 |
| അലൂമിനീയം ബക്കറ്റ് | 740 | 469 |
| സ്റ്റീൽ പ്ലേറ്റ് | 240 | 149 |
| സ്റ്റീൽ ഗ്ലാസ് | 35 | 23 |

ടി വിവരം ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 27, തീയതി - 21 . 03 . 2022 ) മറുപടി ലഭ്യമാക്കിയില്ല . കുറഞ്ഞ ക്വട്ടേഷൻ പരിഗണിക്കാതെ കൂടിയക്വട്ടേഷൻ തുകയ്ക്ക് സാധനങ്ങൾ വാങ്ങിയ നടപടി ശരിയല്ല. ആയതിനാൽ , ചെലവ് തുക( 140,000/-രൂപ )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. അഫ്സൽ മെറ്റൽസ് , ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയ ബില്ലിൽ (ബിൽ നം . 17 ) സ്റ്റീൽ പ്ലേറ്റ് , സ്റ്റീൽ ഗ്ലാസ് എന്നിവയുടെ വില ക്വാട്ട് ചെയ്ത വിലയേക്കാളും കൂടുതൽ നല്കി . സ്റ്റീൽ പ്ലേറ്റുകൾക്ക് ഒരെണ്ണത്തിന് 240 രൂപയും സ്റ്റീൽ ഗ്ലാസുകൾക്ക് ഒരെണ്ണത്തിന് 35 രൂപയും ആണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, സാധനം വാങ്ങിയപ്പോൾ നല്കിയ ബില്ലിൽ , ഒരു ഗ്ലാസിനും ഒരു പ്ലേറ്റിനും 493/- രൂപ വീതം ഈടാക്കി ബിൽ തുക നല്കി. ആയതിനാൽ , താഴെ പറയും പ്രകാരം അധികം തുക നല്കാൻ ഇടയായി.

| സാധനങ്ങളുടെ വിവരം | ക്വാട്ട് ചെയ്ത പ്രകാരം സാധനങ്ങളുടെ വിവരം | നല്കിയ തുക | അധികം നല്കിയ തുക |
|---|---|---|---|
| സ്റ്റീൽ പ്ലേറ്റ് | 240 X 120 = 28800 | 493x120 = 59160 | 30360 |
| സ്റ്റീൽ ഗ്ലാസ് | 28x35=980 | 493x28 = 13804 | 12824 |
| ആകെ | | | 43184 |

ടി വിവരം ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 27, തീയതി- 21.03.2022 ) മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാളും അധികം നല്കിയ (43184/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു.

3. ടി സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.
ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27, തീയതി- 21.03.2022 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ , ചെലവ് തുക ( 140,000/-രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II. അംഗനവാടികൾക്ക് ചാരുബെഞ്ച് (145/20)

അടങ്കൽ- 280,000 (റോഡിതരം)

ചെലവ്- 280,000 (ബിൽ നം. 6 , തീയതി - 26.06.2019)

ടി പ്രോജക്റ്റ് പ്രകാരം, 5375/- രൂപ വിലയുള്ള 45 എണ്ണം ചാരു ബെഞ്ച് സിഡ്കോയിൽ നിന്നും വാങ്ങി. സിഡ്കോയുടെ ബിൽ പ്രകാരം 45 ചാരുബെഞ്ചിന് 241875/- രൂപയും SGST, CGST എന്നീ ഇനത്തിൽ 43,538/- രൂപ എന്നിവ ചേർത്ത് ആകെ 2,85,413/-രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ബിൽ പ്രകാരം തുകമാറി നല്കിയപ്പോൾ സിഡ്കോയുടെ അക്കൌണ്ടിലേയ്ക്ക് 274400/- രൂപ നല്കി. കൂടാതെ, ജി എസ് ടി ഇനത്തിൽ 5600/-രൂപ അടവാക്കിയിട്ടുണ്ട്. സിഡ്കോ ആവശ്യപ്പെട്ടതിലും (45x5375=241875/-) അധികം തുക ചാരുബെഞ്ചിന്റെ

വിലയിനത്തിൽ നല്കിയിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 27, തീയതി- 21.03.2022 ) മറുപടി ലഭ്യമാക്കിയില്ല. സിഡ്കോയ്ക്ക് ആവശ്യപ്പെട്ടതിലും അധികം നല്കിയ തുകയായ 32525/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

കൂടാതെ, ടി സാധനങ്ങൾ സ്റ്റോക്കി ലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27, തീയതി- 21.03.2022 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ,ചെലവ് തുക (2,80,000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

III. അംഗനവാടികൾക്ക് ചാരുബെഞ്ച് (153/20)

അടങ്കൽ- 50,000 (റോഡിതരം)

ചെലവ്- 50,000 (ബിൽ നം. 6 , തീയതി - 30.09.2019)

ടി പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം ലഭ്യമല്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27, തീയതി- 21.03.2022) മറുപടി ലഭ്യമാക്കിയില്ല . ആയതിനാൽ , രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ( 50,000/-രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ-രേഖകൾ ഹാജരാക്കിയിട്ടില്ല.

ആര്യാട് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

1. പട്ടിക വർഗ്ഗക്കാർക്ക് മൺചട്ടിയും പച്ചക്കറി തൈയും വിതരണം, പ്രോജ.നം.204/20, ചെലവ് 27000/-(വികസന-ടി.എസ്.പി ഫണ്ട്)കെയ്ക്കോ, ആലപ്പുഴ- യിൽ നിന്ന് Clay Pot With Mixture 150/- നിരക്കിൽ 180എണ്ണം, വാങ്ങി വിതരണം ചെയ്തതായി കാണുന്നു. (ബിൽ റഫ.നം. 1906015201230154045 7/18.3.20) സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടുണ്ട്. അപേക്ഷാ ഫയൽ, ഗുണഭോക്തൃലിസ്റ്റ് ഇവ ഹാജരാക്കിയിട്ടില്ല. ചെലവ് 27000/ തടസ്സപ്പെടുത്തുന്നു.

2. കേട് വന്ന തെങ്ങ് മുറിച്ച് മാറ്റി പുതിയ തെങ്ങിൻ തൈ വയ്ക്കുന്ന പദ്ധതിയിൽ (പ്രോജ.നം.102/20, വികസന-ജനറൽ ഫണ്ട്, 168543/-രൂപ) റെയ്ഡ്കോ, ആലപ്പുഴ-യിൽ നിന്നും 28725/-രൂപയ്ക്ക് 114.9/-നിരക്കിൽ 250തെങ്ങിൻ തൈകൾ വാങ്ങിയതിന്റെ ബിൽ ഫയലിൽ കാണുന്നു. ബിൽ റഫ.നം.1906015201230101 4369/30.12.19 പ്രകാരം നല്കിയിട്ടുള്ളത് 21543/-രൂപ മാത്രമാണെന്ന് കാണുന്നു. ശേഷിക്കുന്ന7182/-രൂപ നല്കിയതിന്റെ വിവരം വ്യക്തതയില്ല.

താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം49ഗുണഭോക്താക്കൾക്കായി 1000വീതം ആകെ 147000/-രൂപ തെങ്ങ് വെട്ടി മാറ്റുന്നതിലേക്കായും നല്കിക്കാണുന്നു.

ബിൽ റഫ.നം.1906015201230158044 3/23.3.20, രൂ.49000/-

ബിൽ റഫ.നം.1906015201230157930 0/20.3.20 രൂ.49000/-

ബിൽ റഫ.നം.1906015201230157930 6/20.3.20 രൂ.49000/-

147ഗുണഭോക്താക്കളുടെ അപേക്ഷാ ഫയലുകൾ ഹാജരാക്കിയിട്ടില്ല. 147000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ആര്യാട് കുരുമുളക് ഗ്രാമം പ്രോജക്ടിൽ (പ്രോജ.നം.92/20, വികസന -ജനറൽ ഫണ്ട്, 33562/-) കെയ്ക്കോ-യ്ക്ക് 60/-രൂപ നിരക്കിലുള്ള 500കുറ്റിക്കുരുമുളകിനായി 30000/-രൂപയും 250കി.ഗ്രാം ജൈവവളത്തിനായി (4750/-രൂപയിൽ) 3562/-രൂപയും നല്കിക്കാണുന്നു.

ബിൽ റഫ.നം.1906015201230089487 5/3.12.19, 30000/-

ബിൽ റഫ.നം.1906015201230101436 7/30.12.19, 3562/-

ഗുണഭോക്താക്കളുടെ അപേക്ഷാ ഫയലുകൾ, സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ജൈവവളത്തിനായി നല്കിയതിൽ കുറവ് വന്ന 1188/-രൂപ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്.

33562/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. സമഗ്ര പച്ചക്കറി വികസന പദ്ധതി, പ്രോജ.നം.93/20, പ്രകാരം വികസന ജനറൽ ഫണ്ടിൽ നിന്ന് 12125/-രൂപ പിൻവലിക്കപ്പെട്ടിട്ടുണ്ട്. 50/-നിരക്കിൽ100വെജി.സീഡ്സിനും 18.1നിരക്കിൽ 500 Kg. ജൈവവളത്തിനായുമാണ് ചെലവ് വന്ന് കാണുന്നത്. സ്റ്റോക്ക്, വിതരണ, അപേക്ഷാ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ബിൽ റഫ.നം.1906015201230101 4354/30.12.19, 5000/-

ബിൽ റഫ.നം.1906015201230101 4363/30.12.19, 7125/-

12125/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. തൻവർഷം നടപ്പാക്കപ്പെട്ടതായി സുലേഖ ചെലവ് പത്രിക പ്രകാരം കാണുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഫയലുകളോ പരിശോധിക്കുന്നതിനാവശ്യമായ മറ്റുവിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രോജ.നം.116/20, കപ്പയും കാന്താരിയും 24992/-,

പ്രോജ.നം.119/20, സമഗ്രപച്ചക്കറി കൃഷി വികസനം 88718/-

പ്രോജ.നം.146/20, ആര്യാട് കുരുമുളക് ഗ്രാമം 59850/-

പ്രോജ.നം. 147/20, നാളികേര വികസന പദ്ധതി 199500/-

രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പ്രോജക്ടുകളുടെ ചെലവ് തുക373060/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശിച്ചപ്രകാരം ആകെ 592747/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-31 ആർജ്ജിത ആസ്തികൾ-നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആസ്തികൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല

പതിനാലാം വാർഡിൽ നം.115- അംഗൻവാടിക്കായി പ്രോജക്ട് നം. 137/20 പ്രകാരം, വികസന(ജനറൽ) ഫണ്ടിൽ നിന്ന് 76270/-രൂപ പിൻവലിച്ച് ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കോമളപുരം വില്ലേജിലെ റീസർവേ നം.107/16-ൽ വരുന്ന 1.21 ആർസ് വസ്തു, ശ്രീനിവാസൻ മാളികയിൽ എന്നയാളിൽ നിന്നാണ് വാങ്ങിക്കാണുന്നത്. പോക്കുവരവ് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കിയതിന്റെയും ടി ആസ്തിയുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. പോക്കുവരവ് നടത്തിയശേഷം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് ആർജ്ജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ നിയമാനുസൃതം ഉടമസ്ഥതയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ആസ്തിരജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി പുരോഗതി വിവരം

ആര്യാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 218 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുകയുണ്ടായി. നിലവിൽ 215പേർ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 3വീടുകളിൽ 2 വീടുകൾ ജനറൽ വിഭാഗത്തിലും, 1എസ്.സി വിഭാഗത്തിലും ഉൾപ്പെടുന്ന ഗുണഭോക്താക്കളുടേതാണ്. 40000/-രൂപ വീതം ആദ്യ ഗഡു ലഭിച്ച ടി ഗുണഭോക്താക്കൾക്ക് പ്രവർത്തനം പുനരാരംഭിക്കുന്നതിന് നോട്ടീസ് നല്കിക്കാണുന്നു. തുടർപ്രവർത്തനങ്ങൾ നിരീക്ഷിച്ച് നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

ലൈഫ് മൂന്നിൽ നിന്ന് രണ്ടിലേക്ക് മാറ്റി വീടിനായി ആനുകൂല്യം നല്കിയതിൽ സ്വന്തമായി വസ്തു ആർജ്ജിച്ച 17പേർ കരാർ വയ്ക്കുകയും അതിൽ 8പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് (ഇവരിൽ 7ജനറൽ, 1എസ്.സി ഗുണഭോക്താക്കളാണ്)

ഫേസ് IIIൽ നിന്ന് ഫേസ്IIലേക്ക് മാറ്റപ്പെട്ട ജനറൽ വിഭാഗത്തിൽപ്പെട്ട ഗസരിമോൾ എന്ന ഗുണഭോക്താവ് 11.2.2021-ൽ ആകെ 260000/-രൂപ കൈപ്പറ്റിയ ശേഷവും പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്. ഇവർക്ക് നോട്ടീസ് അയച്ചതായി കാണുന്നു.

ടി ഗുണഭോക്താക്കൾ ഉൾപ്പെടെ ഭവന നിർമ്മാണ ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർണ്ണമാക്കുന്നത് നിരീക്ഷിക്കേണ്ടതുണ്ട്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയിൽ കാണപ്പെട്ട അപാകതകൾ - ബാങ്ക് കളക്ഷൻ ചാർജ് ഈടാക്കിയിരിക്കുന്നു.

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അടവാക്കുന്ന ആര്യാട് പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ താഴെ കൊടുത്തിരിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ജിവനക്കാരുടെ തൊഴിൽ നികുതിയുടെ തുകയുള്ള ആലപ്പുഴ ജില്ലാ ട്രഷറി / സബ് ട്രഷറി ചെക്കുകൾ പണമാക്കാൻ നല്കിയതിൽ നിന്നും ബാങ്ക് ചാർജുകൾ ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ചെക്ക് നല്കിയ സ്ഥാപനം | ചെക്ക്നം./ ബാങ്ക് | ചെക്ക് തുക | പണമാക്കിയ തുക/ തീയതി | കുറവ് |
|---|---|---|---|---|---|
| 1 | വില്ലേജ് ഓഫീസ് | ജില്ലാ ട്രഷറി, ആലപ്പുഴ | 9500 | 9471/20.3.20 | 29 |
| 2 | ലൂഥറൻ ഹൈസ്കൂൾ | സബ് ട്രഷറി, ആലപ്പുഴ | 46250 | 46190/25.3.20 | 60 |
| 3 | ബി,ഡി.ഒ., | - ടി - | 2500 | 2477/25.3.20 | 33 |
| 4 | തഹസീൽദാർ | എസ്.ബി.ഐ. | 5750 | 5721/9.9.20 | 29 |
| 5 | ഡി.ഇ.ഒ. | സബ് ട്രഷറി, ആലപ്പുഴ | 38500 | 38397/8.10.20 | 103 |
| 6 | ബി.ഡി.ഒ. | - ടി - | 2250 | 2233/8.10.20 | 17 |
| 7 | മെഡിക്കൽ ഓഫീസർ | - ടി - | 27000 | 26926/8.10.20 | 74 |
| 8 | മെഡിക്കൽ ഓഫീസർ | 6566394/ - ടി - | 24500 | 24441/20.3.20 | 59 |
| 9 | ലൂഥറൻ ഹൈസ്കൂൾ | 1129121/ - ടി - | 38500 | 38397/8.10.20 | 103 |
| | | | | ആകെ കുറവ് | 507/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/16.3.22) മറുപടി ഹാജരാക്കിയില്ല. തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 രസീത് പരിശോധന – അപാകതകൾ- തുക കുറവായി പഞ്ചായത്തിൽ അടവാക്കി

ആര്യാട് ഗ്രാമപഞ്ചായത്തിന്റെ രസീത് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. രസീത് ബുക്ക് നം. 26527, രസീത് നം. 66 പ്രകാരമുള്ള 22/- രൂപ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല

2. രസീത് ബുക്ക് നം. 26513, രസീത് നം. 47 പ്രകാരം പിരിച്ചിരിക്കുന്ന തുക 66 രൂപയാണെങ്കിലും 30രൂപ മാത്രമാണ് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.10/15.3.22) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ആര്യാട് കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ - തുക അടവാക്കേണ്ടതാണ്.

ആര്യാട് ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ ഉണഭോക്തൃവിഹിതമിനത്തിലുള്ള പിരിവിനത്തിൽ വിവിധ രസീതുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. രസീത് ബുക്ക് നം. 55943 ലെ രസീത് നം. 60 മുതൽ 66 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തതായി കാണിച്ച് കളക്ഷൻ രജിസ്റ്ററിൽ എഴുതിയത് വെട്ടിയിരിക്കുന്നു. എന്നാൽ ഈ രസീതുകളിൽ 65-ാം നമ്പർ രസീത് ക്യാൻസൽ

ചെയ്തിട്ടില്ല. പകർപ്പും രസീതിനൊപ്പമില്ല. ആയതിനാൽ മേൽ രസീത് പ്രകാരം പിരിച്ച 150/- രൂപ അടവാക്കേണ്ടതാണ്.

2. 55946/52 – രൂ. 150/-, 55946/83 – രൂ. 150/- എന്നിവയുടെ രസീത് ക്യാൻസൽ ചെയ്തിരിക്കുന്നുവെങ്കിലും പകർപ്പ് രസീതിനൊപ്പമില്ല. കൂടാതെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ഈ രസീതുകൾ പ്രകാരം പിരിച്ച 300/- രൂപ അടവാക്കേണ്ടതാണ്.

3. രസീത് നം. 26518/23 മുതൽ 47 വരെ രസീതുകളിലായി 10275/- രൂപയാണ് പിരിച്ചിരിക്കുന്നതെങ്കിലും 10200/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് ( രസീത് നം. 1200102820/20.2.21). അടവാക്കാനുള്ള 75/- രൂപ അടവാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.21/18.3.22) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അടവാക്കാനുള്ള തുക പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാളും ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങി

അങ്കണവാടി ഉപകരണങ്ങൾ വാങ്ങൽ (104/ 20)

അടങ്കൽ- 140,000 (റോഡിതരം)

ചെലവ്- 140,000 (ബിൽ നം. 16 , തീയതി - 30.09.2019 )

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടി ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം അംഗനവാടികളിൽ ഉപയോഗിക്കുന്നതിനായി തഴപ്പായ (145 എണ്ണം) , അലൂമിനീയം ബക്കറ്റ് ( 30എണ്ണം) , സ്റ്റീൽ പ്ലേറ്റ് (120എണ്ണം) , സ്റ്റീൽ ഗ്ലാസ് (28എണ്ണം) എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് അഫ്സൽ മെറ്റൽസ് , ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. അഫ്സൽ മെറ്റൽസ് , ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയ ബില്ലിൽ (ബിൽ നം. 17 ) സ്റ്റീൽ പ്ലേറ്റ് , സ്റ്റീൽ ഗ്ലാസ് എന്നിവയുടെ വില ക്വാട്ട് ചെയ്ത വിലയേക്കാളും കൂടുതൽ നല്കി. സ്റ്റീൽ പ്ലേറ്റുകൾക്ക് ഒരെണ്ണത്തിന് 240 രൂപയും സ്റ്റീൽ ഗ്ലാസുകൾക്ക് ഒരെണ്ണത്തിന് 35 രൂപയും ആണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ , സാധനം വാങ്ങിയപ്പോൾ നല്കിയ ബില്ലിൽ , ഒരു ഗ്ലാസിനും ഒരു പ്ലേറ്റിനും 493/- രൂപ വീതം ഈടാക്കി ബിൽ തുക നല്കി. ആയതിനാൽ , താഴെ പറയും പ്രകാരം അധികം തുക നല്കാൻ ഇടയായി.

| സാധനങ്ങളുടെ വിവരം | ക്വാട്ട് ചെയ്ത പ്രകാരം സാധനങ്ങളുടെ വിവരം | നല്കിയ തുക | അധികം നല്കിയ തുക |
|---|---|---|---|
| സ്റ്റീൽ പ്ലേറ്റ് | 240x120=28800 | 493x120=59160 | 30360 |
| സ്റ്റീൽ ഗ്ലാസ് | 28x35= 980 | 493x28=13804 | 12824 |
| ആകെ | | | 43184 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.- 27, തീയതി- 21.03.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നല്കിയ തുക (43184/-രൂപ) ഉത്തരവാദിയായ ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 അംഗനവാടികൾക്ക് ചാരുബെഞ്ച്

അംഗനവാടികൾക്ക് ചാരുബെഞ്ച് (145/20)

അടങ്കൽ- 280,000 (റോഡിതരം)

ചെലവ്- 280,000 (ബിൽ നം. 6 , തീയതി - 26.06.2019)

ടി പ്രോജക്റ്റ് പ്രകാരം, 5375/- രൂപ വിലയുള്ള 45 എണ്ണം ചാരു ബെഞ്ച് സിഡ്കോയിൽ നിന്നും വാങ്ങി. സിഡ്കോയുടെ ബിൽ പ്രകാരം 45 ചാരുബെഞ്ചിന് 241875/- രൂപയും SGST, CGST എന്നീ ഇനത്തിൽ 43,538/- രൂപ എന്നിവ ചേർത്ത് ആകെ 2,85,413/-രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ബിൽ പ്രകാരം തുകമാറി നല്കിയപ്പോൾ സിഡ്കോയുടെ അക്കൌണ്ടിലേയ്ക്ക് 274400/- രൂപ നല്കി. കൂടാതെ, ജി എസ് ടി ഇനത്തിൽ 5600/-രൂപ അടവാക്കിയിട്ടുണ്ട്. സിഡ്കോ ആവശ്യപ്പെട്ടതിലും (45x5375=241875/-) അധികം തുക ചാരുബെഞ്ചിന്റെ വിലയിനത്തിൽ നല്കിയിട്ടുണ്ട്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 27, തീയതി- 21.03.2022 ) മറുപടി ലഭ്യമാക്കിയില്ല. സിഡ്കോയ്ക്ക് ആവശ്യപ്പെട്ടതിലും അധികം നല്കിയ തുകയായ 32525/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 99962 | അഗതി (99/20) | 99962 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 451747 | പാലിന് സബ്സീഡി | 451747 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 476202 | ഹരിതകിരണം | 475760 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 3020000 | ലൈഫ് 89/20 | 3020000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018/19 | 758800 | ലൈഫ് | 260000 | 49800 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 319000 | സ്കോളർഷിപ്പ് | 319000 | 0 |
| ജില്ലാ പഞ്ചായത്ത് | | 148098 | | | 0 Unknown Balance (OB) |
| ജില്ലാ പഞ്ചായത്ത് | 2019/20 | 3136639 | ലൈഫ് | 1940000 | 1196639 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 201750 | സ്കോളർഷിപ്പ് | 200000 | 1750 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 750 | നാളികേരം | 750 | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 500000 | എസ് സി സ്റ്റഡി റൂം | 250000 | 250000 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 3075 | പ്ളാസ്റ്റിക്ക് സ്മാർട്ട് ആര്യാട് | 3075 | 3075 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 100000 | എസ് എൻ പി | 0 | 100000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 171/20 ലൈൻ | 21901385 | 41876 | 0 | 41876 |
| കെ എസ് ഇ ബി | 46/20 പോസ്റ്റ് | 21901466, 1382,1455 | 120220 | 0 | 120220 |
| കെ ഡബ്യൂ എ | 149/20 | 21900390, 391, 379 | 451285 | 0 | 451285 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ- ഇല്ല

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8564648/-രൂപ വരവുണ്ട്. .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 44940010 | 36375362 | 2985304 | - | 41954706 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 89425949 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 86792126 |
| വരവിനങ്ങളിലുള്ള നഷ്ടം | : 507 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 75,709 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1546975 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 507 | | ശ്രീമതി.റാഷിദ, സെക്രട്ടറി |
| 3-1 | | 43,184 | ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് |
| 3-2 | | 32,525 | ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് |
| ആകെ | 507 | 75,709 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(1) | 15580 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-17(2) | 71752 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-17(3) | 24696 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-17(4) | 19378 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-17(5) | 159027 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-18 | 105570 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-23 | 10000 | ശ്രീമതി.ഏലിയാമ്മ കര്യൻ,എച്ച്.എം. |
| 1-28 | 451285 | ശ്രീമതി.വീണ.എസ്, സെക്രട്ടറി |
| 1-29(i) | 140000 | ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് |
| 1-29(ii) | 280000 | ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് |
| 1-29(iii) | 50000 | ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് |
| 1-30(1) | 27000 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 1-30(2) | 147000 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 1-30(3) | 33562 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| 1-30(4) | 12125 | ശ്രീ.അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ |
| ആകെ | 1546975 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വീണ.എസ്, സെക്രട്ടറി | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ ബിൽഡിംഗ് ആന്റ് അദർ | വടക്കേവാര്യം, തോണ്ടൻകുളങ്ങര |

| | | |
|---|---|---|
| | കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, ആലപ്പുഴ | വാർഡ്, ആലപ്പുഴ |
| റാഷിദ<br>സെക്രട്ടറി | സെക്രട്ടറി<br>ആര്യാട് ഗ്രാമപഞ്ചായത്ത് | കാട്ടുങ്കൽ ഹൌസ്<br>സിവിൽ സ്റ്റേഷൻ,<br>ആലപ്പുഴ |
| ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ | കാഷ്വാലിറ്റി മെഡിക്കൽ<br>ഓഫീസർ,<br>ജനറൽ ഹോസ്പിറ്റൽ, ആലപ്പുഴ | ശ്രീവത്സം,<br>അവലൂക്കുന്ന് പി ഒ,<br>ആലപ്പുഴ |
| അക്ഷയ് ശശിധരൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | ലേഖ ഭവൻ, കാട്ടൂർ പി ഒ, ആലപ്പുഴ |
| ശ്രീമതി.ആശാലത,ഐ.സി.ഡി.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ<br>ആര്യാട് | ഉമ്മിണിശ്ശേരി ൽ<br>കല്ലവർ പി ഒ<br>ആലപ്പുഴ |
| ശ്രീമതി.ഏലിയാമ്മ കുര്യൻ,എച്ച്.എം. | എച്ച് എം<br>ആര്യാട് വി വി എസ് ഡി എൽ പി സ്കൂൾ | തൈപ്പറമ്പില്<br>പി എച്ച് വാർഡ്<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി.10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി.10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി.10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി.9-96/13/28.01.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി -പി9-1629/2015/08.01.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി -പി9-137/17/06.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി9-886/2017/ 19.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-1553/18/07.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി9- |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്